## റൂളിംഗ്

ബിൽ അവതരിപ്പിക്കുന്നതിന് മറ്റൊരു മന്ത്രിയെ ചുമതലപ്പെടുത്തിയത് സംബന്ധിച്ച്

മി. സ്പീക്കർ: ഓർഡർ....ഓർഡർ....ചട്ടം 78 പ്രകാരം ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. എന്നാൽ ചട്ടം രണ്ടിലെ നിർവ്വചനങ്ങളിൽ പറയുന്നത് " 'ബില്ലിന്റെ ചുമതല വഹിക്കുന്ന അംഗം' എന്നാൽ ഗവൺമെന്റ് ബില്ലിന്റെ സംഗതിയിൽ ഏതെങ്കിലും മന്ത്രിയെന്നും, മറ്റേതെങ്കിലും സംഗതിയിൽ ബിൽ അവതരിപ്പിച്ച അംഗമെന്നും അർത്ഥമാകുന്നു" എന്നുപറഞ്ഞിട്ടുണ്ട്. .....(ബഹളം).... ഞാൻ പറഞ്ഞു കഴിഞ്ഞില്ല. എന്റെ റൂളിംഗ് കഴിയട്ടെ. ഡെഫിനിഷൻ ക്ലോസ് വളരെ ക്ലിയറാണ്. " 'Member in charge of the Bill' means in the case of a Government Bill any Minister, and any other case the member who has introduce the bill" എന്നാണ്. അതാണ് ശരി. .....(ബഹളം)..... പ്ലീസ്.... ഇരിക്കൂ.... ഞാൻ ചട്ടമാണ് ഉദ്ധരിച്ചത്. പ്ലീസ്.....(ബഹളം).... ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്താണ് പറയുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നമ്മുടെ റൂൾസിൽ സ്പെസിഫിക്കായി

ഒരു കാര്യം പറഞ്ഞാൽ അതുമായി യോജിച്ചുപോവുകയെന്നതാണ് സഭയിലെ ന്യായമായ കാര്യം. ശ്രീ. വി. ഡി. സതീശൻ, ബിൽ വകുപ്പുമന്ത്രിതന്നെ പ്രസന്റ് ചെയ്യണമെന്നാണ് പറയുന്നത്. സ്പെസിഫിക്കായി റൂളിനകത്ത് പറയുന്നുമുണ്ട്. ആ പറയുന്ന കാര്യം അങ്ങ് അംഗീകരിക്കുകയും ചെയ്തു. പക്ഷെ, ഒരു ഡെഫിനിഷൻ ക്ലോസിൽ വ്യത്യസ്തമായിട്ടുണ്ടെന്ന് പറഞ്ഞ് ഒരു സ്പെസിഫിക്ക് ക്ലോസിനെ ബൈപാസ് ചെയ്തുപോകുന്നത് ശരിയല്ല.

<u>മി. സ്പീക്കർ</u>: ഡെഫിനിഷൻ ക്ലോസ് ചട്ടത്തിലുള്ളതല്ലേ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: മറ്റൊന്നിനെ ബൈപ്പാസ് ചെയ്യാൻ വിനിയോഗിക്കാൻ പറ്റില്ല.

<u>മി. സ്പീക്കർ</u>: യെസ്.....(ബഹളം).... ബില്ലുകളെ സംബന്ധിച്ച പ്രമേയങ്ങൾ കൊണ്ടുവരേണ്ടതാരാണെന്നത് സംബന്ധിച്ച ചട്ടം 78-ലെ വ്യവസ്ഥ പ്രകാരം 2017-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ, 2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ ഇവ അവതരിപ്പിക്കുന്നത് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിയിൽ നിന്നും മാറ്റി ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും

വകുപ്പുമന്ത്രിക്ക് നൽകിയത് ക്രമപ്രകാരമുള്ളതല്ലെന്നാണ് ഇവിടെ ഉന്നയിക്കപ്പെട്ട ക്രമപ്രശ്നം. ഇക്കാര്യത്തിൽ ചട്ട വിരുദ്ധമായൊന്നും ഉണ്ടായിട്ടില്ലെന്നുള്ളത് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. (ബഹളം).... സഭയുടെ നടപടിചട്ടങ്ങളിലെ ചട്ടം (2)-ൽ നിർവ്വചിച്ചിരിക്കുന്നത് ബില്ലിന്റെ ചുമതലയുള്ള അംഗം എന്നത് ഗവൺമെന്റ് ബില്ലിന്റെ സംഗതിയിൽ ഏതെങ്കിലും മന്ത്രി എന്നും മറ്റേതെങ്കിലും സംഗതിയിൽ ബിൽ അവതരിപ്പിച്ച അംഗമെന്നും അർത്ഥമാകുന്നു എന്നാണ്. ....(ബഹളം)....ഈ സാഹചര്യത്തിൽ ബില്ലിന്റെ ചുമതല മറ്റൊരു മന്ത്രിക്ക് മാറ്റി നൽകിയ നടപടിയിൽ ചട്ടവിരുദ്ധമായി യാതൊന്നുമടങ്ങുന്നില്ല. നമ്മുടെ സഭയിൽ നിരവധി തവണ ഇപ്രകാരം ബില്ലിന്റെ ചുമതലകൾ മാറ്റി നൽകിയ കീഴ്വഴക്കമുണ്ട്. ക്രമപ്രശ്നം നിലനിൽക്കുന്നതല്ല. ....(ബഹളം).... ഇത്രയും ബഹളമുണ്ടാക്കുന്നതിനുള്ള കാരണമെന്താണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ....(ബഹളം)....